പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

തൊഴിലുറപ്പ് പദ്ധതി ഫണ്ട് വിനിയോഗം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3215

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിലുറപ്പ് പദ്ധതി ഫണ്ട് വിനിയോഗം സംബന്ധിച്ച് സോഷ്യൽ ആഡിറ്റിംഗ് സെൽ എന്തു തുകയുടെ സാമ്പത്തിക ദുർവിനിയോഗം കണ്ടെത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | നിലവിൽ സോഷ്യൽ ആഡിറ്റിംഗ് സെല്ലിന്റെ പ്രവർത്തനം നിലച്ചതിനാൽ തൊഴിലുറപ്പ് പദ്ധതി ഫണ്ട് ദുർവിനിയോഗം വ്യാപകമായ വിവരം പരിശോധിച്ചിട്ടുണ്ടോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബഹു: മുഖ്യമന്ത്രി പ്രഖ്യപിച്ച 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ഓരോ ജില്ലയിലെയും തെരഞ്ഞെടുത്ത ഓരോ ഗ്രാമപഞ്ചായത്തിലും 2010-11 ൽ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെല്ലിന്റെ ആഭിമുഖ്യത്തിലും മാർഗ്ഗനിർദ്ദേശ പ്രകാരവും 2011 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി നടത്തുകയുണ്ടായി. പ്രസ്തുത സമാഹൃത സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന സാമ്പത്തിക ദുർവിനിയോഗം സംബന്ധിച്ച കണക്ക് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | പഞ്ചായത്ത് | സാമ്പത്തിക ദുർവിനിയോഗം ചെയ്ത തുക |
|---|---|---|
| പാലക്കാട് | പുതുശ്ശേരി (12& 9 വാർഡുകൾ) | 1212224 |
| വയനാട് | നൂൽപ്പുഴ (2 വാർഡുകൾ) | 89141 |
| ഇടുക്കി | രാജക്കാട് (2 വാർഡുകൾ) | 249716 |
| കാസർകോഡ് | കയ്യൂർ- ചീമേനി(2 വാർഡുകൾ) | - |
| ആലപ്പുഴ | കഞ്ഞിക്കുഴി (8-ാം വാർഡ്) | - |
| എറണാകുളം | രായമംഗലം (18&2 വാർഡുകൾ) | - |
| കണ്ണൂർ | ചേമ്പിലോട്(7&11 വാർഡുകൾ) | - |
| കൊല്ലം | നെടുമ്പന (2 വാർഡുകൾ) | 20766 |
| കോട്ടയം | മണർക്കാട് (1 &5 വാർഡുകൾ ) | 141547 |
| കോഴിക്കോട് | പനങ്ങാട് (3-ാം വാർഡ് ) | 7644 |
| മലപ്പുറം | തവനൂർ (13-ാംവാർഡ്) | - |
| പത്തനംതിട്ട | ഇലന്തൂർ (2 വാർഡുകൾ ) | 75028 |
| തിരുവനന്തപുരം | വിളപ്പിൽ (1 വാർഡ് ) | 68959 |
| തൃശ്ശൂർ | കോടശ്ശേരി (2 വാർഡുകൾ) | - |

Shaji.k